## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2812

20.6.2013- ൽ
മറുപടിക്ക്

### കയർ തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കയർതൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായോ; പ്രസ്തുത സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കയർ തൊഴിലാളികൾ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഈ സമരവുമായി ബന്ധപ്പെട്ട് നോട്ടീസ് ലഭിച്ചിരു ന്നതായി അറിയില്ല. |
| (ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത്; | (ബി) ബഹു. റവന്യൂ-കയർ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.04.2013-ന് വൈകുന്നേരം 3.30 മണിക്ക് മന്ത്രിയുടെ ചേംബറിൽ വച്ച് കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. ഇതിൽ ശ്രീ. പി. തിലോത്തമൻ, എം.എൽ.എ., അഡ്വ. കെ. രത്നകുമാർ, ശ്രീ. കെ.ആർ രാജേന്ദ്രപ്രസാദ്, ശ്രീ. എ.കെ. രാജൻ, ശ്രീ. ടി.കെ. ദേവകുമാർ, ശ്രീ. ടി.ജെ. ആഞ്ചലോസ് എക്സ് എം.പി., ശ്രീ. വി.സി. അലോഷ്യസ്, ഐ.എൻ..ടി.യു.സി., ശ്രീ.പൂന്തുറ സജീവ്, യു.ടി.യു.സി., ശ്രീ. അഡ്വ. എൻ. സായ്കുമാർ, ശ്രീ. എ. അബ്ബാസ് എന്നീ നേതാക്കൾ പങ്കെടുത്തിരുന്നു. |
| സി) ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തു തീർപ്പാക്കുകയുണ്ടായോ; എന്തെല്ലാമായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥകൾ; | സി) സമരവുമായി ബന്ധപ്പെട്ട് ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടായിട്ടില്ല. എന്നാൽ കയർഫെഡ് കയർ സംഭരണം നടത്തുന്നതിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് |

| | |
|---|---|
| | എന്നും, അത് കയർ ഉല്പാദനം വർദ്ധിച്ചു എന്നതിന് തെളിവാണെന്നും 300/- രൂപയായിരുന്ന കയർ തൊഴിലാളി പെൻഷൻ 400/- രൂപയായും, ഇപ്പോൾ അത് 500/- രൂപയായും വർദ്ധിപ്പിച്ചതായും ഉല്പന്ന മേഖലയിലെ കൂലി 200/- രൂപയിൽ നിന്ന് 285/- രൂപയായും, പിന്നീട് 01.03.2013 മുതൽ 360/- രൂപയും വർദ്ധിപ്പിച്ചതായും ബഹു.മന്ത്രി പ്രസ്തുത ചർച്ചയിൽ അറിയിച്ചിരുന്നു. കയർപിരി മേഖലയിൽ കൂലി വർദ്ധിപ്പിക്കേണ്ട ത് അനിവാര്യമാണെന്നും, പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിയ്ക്കുകയും ആവശ്യപ്പെട്ട അർഹതപ്പെട്ട സംഘങ്ങൾ ക്കെല്ലാം തന്നെ പ്രവർത്തന മൂലധനം അനുവദി യ്ക്കുകയും ചെയ്തിട്ടുണ്ട് എന്നും മന്ത്രി പ്രസ്തുത മീറ്റിംഗിൽ അറിയിച്ചു. |
| ഡി) ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പി ലാക്കുകയുണ്ട ായോ; വിശദാംശം നൽകാമോ? | ഡി) 24.04.2013-ന് വൈകിട്ട് 6.30 മണിക്ക് ബഹു. കയർ വകുപ്പു മന്ത്രി കയർഫെഡുമായും - സ ംഘടനാ നേതാക്കളുമായും നടത്തിയ ചർച്ചയെ തുടർന്ന് കയർ പിരി മേഖലയിലെ കുറഞ്ഞ കൂലി 01.05.2013 മുതൽ 210/- രൂപയിൽ നിന്നും 260/- രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ